(7) ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - എടവണ്ണ സംസ്ഥാന പാതയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിന്റെ ആസ്ഥാനമായ ബാലുശ്ശേരി അങ്ങാടി ഒരു നഗരമായി അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. മലയോര പഞ്ചായത്തുകളിലെ എല്ലാ ജനവിഭാഗങ്ങളും അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബാലുശ്ശേരി അങ്ങാടിയെയാണ് ആശ്രയിക്കുന്നത്. കൊയിലാണ്ടി-താമരശ്ശേരി റൂട്ടിലും കുരാച്ചുണ്ട്-കോഴിക്കോട് റൂട്ടിലും ബാലുശ്ശേരി-കോഴിക്കോട് റൂട്ടിലും ഉൾനാടൻ ഗ്രാമങ്ങളിൽനിന്നുൾപ്പെടെ നൂറിലധികം ബസ്സുകൾ സർവ്വീസ് നടത്തുന്നതുകൊണ്ട് ബാലുശ്ശേരി ടൗണിൽ വലിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. ഈ വിഷയം കഴിഞ്ഞ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ബാലുശ്ശേരി ബൈപ്പാസ് നിർമ്മിക്കുന്നതിനായി 10 കോടിരൂപ ബഡ്ജറ്റിൽ അനുവദിക്കുകയുണ്ടായി. 2 കിലോമീറ്റർ ദൂരത്തിൽ ബൈപ്പാസ് നിർമ്മാണത്തിന് ആദ്യം നടപടിയായി. 1600 മീറ്റർ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രദേശത്തുള്ള ചില വ്യക്തികളുടെ എതിർപ്പുകാരണം ഇപ്പോൾ സർവ്വേ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. അനാവശ്യമായ തടസ്സങ്ങൾ നീക്കി, ബൈപ്പാസ് നിർമ്മാണത്തിനുള്ള തുടർനടപടി അടിയന്തരമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബാലുശ്ശേരി ബസ് സ്റ്റാൻഡ് ബ്ലോക്ക് ബൈപ്പാസ് റോഡ് എന്ന പ്രവൃത്തിക്ക് കിഫ്ബി ഫണ്ടുവഴി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡിനെ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. 2.40 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് പ്രവൃത്തി. 1.80 കിലോമീറ്റർ നീളത്തിൽ സർവ്വേ പൂർത്തിയാക്കുകയും ചെയ്തു. സർവ്വേ പൂർത്തീകരിച്ച ഭാഗങ്ങളിൽ ജനങ്ങളുടെ എതിർപ്പുകാരണം അതിർത്തിക്കല്ലിടാൻ സാധിച്ചിട്ടില്ല. ശേഷിക്കുന്ന 600 മീറ്റർ ഭാഗത്തും ജനങ്ങൾ തടസ്സം നിന്നതിനാൽ സർവ്വേ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. നടപടി ത്വരിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ചർച്ചനടത്തി ജനകീയ തലത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സർവ്വേ പൂർത്തിയാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചതിനുശേഷം സാങ്കേതിക പഠനറിപ്പോർട്ട് അടിസ്ഥാനമാക്കി ബൈപ്പാസ് നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി വിഭാവന ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly